# PSC Rehabiliation Technician Grade II (Leather Works) in Medical Education Department Examination Previous Year Question Paper

*Exam Name: Rehabiliation Technician Grade II (Leather Works) in Medical Education Department*

*Question Paper Code: 05/2014 M*

*Medium of Questions: Malayalam*

# 5/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. 'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്' എന്ന് പറഞ്ഞ വ്യക്തി :
   - (A) സുഭാഷ് ചന്ദ്രബോസ്
   - (B) ബാലഗംഗാധര തിലകൻ
   - (C) ലാലാ ലജ്പത് റായ്
   - (D) ജഗജീവൻ റാം

2. അറേബ്യൻ സമുദ്രവും ഇന്ത്യൻ മഹാസമുദ്രവും, ബംഗാൾ ഉൾക്കടലും ഒന്നിച്ചു ചേരുന്ന സ്ഥലം :
   - (A) ശ്രീലങ്ക
   - (B) ലക്ഷദ്വീപ്
   - (C) കന്യാകുമാരി
   - (D) ആന്തമാൻ ദ്വീപ്

3. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നു ഇന്ത്യ ഒരു :
   - (A) പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്ക്
   - (B) പരമാധികാര സോഷ്യലിസ്റ്റ് മതേതര റിപ്പബ്ലിക്ക്
   - (C) പരമാധികാര ജനാധിപത്യ റിപ്പബ്ലിക്ക്
   - (D) പരമാധികാര ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്

4. ഇന്ത്യയുടെ ദേശീയ കായിക വിനോദം :
   - (A) ക്രിക്കറ്റ്
   - (B) ഫുട്ബോൾ
   - (C) കബഡി
   - (D) ഹോക്കി

5. മനുഷ്യശരീരത്തിൽ സൂര്യപ്രകാശത്തിന്റെ സഹായത്താൽ നിർമ്മിക്കുന്ന വിറ്റാമിൻ :
   - (A) വിറ്റാമിൻ D
   - (B) വിറ്റാമിൻ K
   - (C) വിറ്റാമിൻ A
   - (D) വിറ്റാമിൻ B

6. കേരള നിയമസഭയിലെ ആദ്യത്തെ മുഖ്യമന്ത്രി :
   - (A) ശ്രീ. അച്യുത മേനോൻ
   - (B) ശ്രീ. പട്ടം താണുപിള്ള
   - (C) ശ്രീ. ആർ. ശങ്കർ
   - (D) ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്

7. സൂര്യൻ അസ്തമിക്കാത്ത രാജ്യം എന്നറിയപ്പെട്ടിരുന്നത് :
   - (A) ജപ്പാൻ
   - (B) ബ്രിട്ടൻ
   - (C) ചൈന
   - (D) ഇന്ത്യ

www.pscnet.in fb.com/pscnet.in

8. 'ഇത് മനുഷ്യനൊരു ചെറിയ കാൽവയ്പ്പാണ് പക്ഷേ മാനവരാശിക്ക് ഒരു കുതിച്ചു ചാട്ടമാണ്'. ആരുടെ വാക്കുകൾ?

(A) എഡ്വിൻ ആൽഡ്രിൽ
(B) അലക്സി ലിയോനോവ്
(C) നീൽ ആംസ്ട്രോങ്ങ്
(D) യൂറി ഗഗാറിൻ

9. തെലുങ്ക് സംസാരിക്കുന്ന ഇന്ത്യൻ സംസ്ഥാനം :

(A) ആന്ധ്രാപ്രദേശ്
(B) ഒറീസ്സ
(C) കർണ്ണാടക
(D) മദ്ധ്യപ്രദേശ്

10. കഥകളിയിൽ നിന്നും ഉരിത്തിരിഞ്ഞ ഏതു കലാരൂപമാണ് കളകളി നടനം എന്നറിയപ്പെടുന്നത്?

(A) കൂടിയാട്ടം
(B) ചാക്യാർക്കൂത്ത്
(C) കേരള നടനം
(D) രാമനാട്ടം

11. കേരളത്തിലെ ചുവർ ചിത്ര നഗരി എന്നറിയപ്പെടുന്നത് :

(A) കോഴിക്കോട്
(B) കോട്ടയം
(C) എറണാകുളം
(D) തിരുവനന്തപുരം

12. 'നിന്റെ ഓർമ്മയ്ക്ക്' എന്ന ചെറുകഥാ സമാഹാരത്തിന്റെ കർത്താവ് :

(A) എം.റ്റി. വാസുദേവൻ നായർ
(B) എം. മുകുന്ദൻ
(C) ഇ. വാസു
(D) ഉണ്ണികൃഷ്ണൻ പുത്തൂർ

13. 2012 ലെ ജ്ഞാനപീഠം പുരസ്കാരം നേടിയത് :

(A) ശ്രീമതി പ്രതിഭാറായി
(B) ശ്രീ. ചന്ദ്രശേഖര കമ്പാറ
(C) ശ്രീ. ലാൻ സുഖറ
(D) ശ്രീ. രാവുരി ഭരദ്വാജ

14. 3 പേനയുടെ വിലയും അല്ലെങ്കിൽ 5 പെൻസിലിന്റെ വിലയും ഒരുപോലെയാണ്. എങ്കിൽ 15 പേനയുടെ വിലയ്ക്ക് എത്ര പെൻസിൽ വാങ്ങാം?

(A) 9
(B) 25
(C) 45
(D) 75

15. $\frac{6}{20}$ ന് തുല്യമായത് :

(A) 6%
(B) 20%
(C) 26%
(D) 30%



www.pscnet.in fb.com/pscnet.in

www.pscnet.in fb.com/pscnet.in

16. 2 മിനിറ്റിൽ ഒരു ട്രെയിൻ 3 കി.മീ. യാത്ര ചെയ്താൽ 6 മണിക്കൂർ കൊണ്ട് എത്ര കിലോമീറ്റർ യാത്ര ചെയ്യും?

(A) 18 കി.മീ. (B) 240 കി.മീ.
(C) 540 കി.മീ. (D) 1050 കി.മീ.

17. $3:4=12:$ ———

(A) 26 (B) 21
(C) 16 (D) 25

18. ഒരാൾ ഒരു സൈക്കിൾ 500 രൂപയ്ക്ക് വാങ്ങി. അത് 20% ലാഭം കിട്ടത്തക്കവിധം വിൽക്കണമെങ്കിൽ എത്ര രൂപയ്ക്ക് വില്ക്കണം?

(A) രൂ. 520 (B) രൂ. 600
(C) രൂ. 400 (D) രൂ. 480

19. $\frac{(10-30)^2}{20}=$

(A) 16 (B) 15
(C) 10 (D) 20

20. യുനസ്കോ പട്ടികയിലെ ഏറ്റവും ഒടുവിലത്തേത് ഏത്?

(A) പശ്ചിമഘട്ടം
(B) ജന്ദർ മന്ദിർ
(C) ചെങ്കോട്ട
(D) ഗുജറാത്തിലെ ചമ്പാനിർ പുരാവസ്തു പാർക്ക്

21. സുന്ദർബാൻ ദേശീയോദ്യാനം എവിടെ സ്ഥിതിചെയ്യുന്നു?

(A) രാജസ്ഥാൻ (B) ഉത്തരാഖണ്ഡ്
(C) ഒറീസ്സ (D) പശ്ചിമബംഗാൾ

22. കേരളത്തിന്റെ ഊട്ടി :

(A) സൈലന്റ്വാലി (B) വാഗമൺ
(C) മൂന്നാർ (D) വൈത്തിരി

23. മലയാളഭാഷയിലെ ആദ്യ സന്ദേശകാവ്യം :

(A) ഉണ്ണിനീലി സന്ദേശം (B) മയൂരസന്ദേശം
(C) കോകിലസന്ദേശം (D) ശുകസന്ദേശം



www.pscnet.in fb.com/pscnet.in

24. മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്ക്കാരം :
    (A) ധന്വന്തരി അവാർഡ്
    (B) സ്വരാജ് ട്രോഫി
    (C) സ്റ്റേറ്റ് എനർജി കൺസർവേഷൻ അവാർഡ്
    (D) പി.റ്റി.എ. അവാർഡ്

25. കേരളഗാന്ധി എന്നറിയപ്പെടുന്ന സ്വാതന്ത്ര്യ സമരസേനാനി :
    (A) ശ്രീ. കെ. കേളപ്പൻ
    (B) ശ്രീ. റ്റി.കെ. മാധവൻ
    (C) ശ്രീ. എ.കെ. പിള്ള
    (D) ശ്രീ. സി. കൃഷ്ണൻ

26. മലയാളത്തിലെ ആദ്യത്തെ കുറ്റാന്വേഷണ നോവൽ :
    (A) ആഫ്റ്റർ ഡെത്ത്
    (B) ആരണ്യ ഹൃദയം
    (C) ഭാസ്ക്കര മേനോൻ
    (D) ഇത് അനന്തപുരി

27. ലളിതകലാ അക്കാദമി ചെയർമാൻ :
    (A) ശ്രീ. സൂര്യകൃഷ്ണമൂർത്തി
    (B) ശ്രീ. കെ.എ. ഫ്രാൻസിസ്
    (C) ശ്രീ. ശശികുമാർ
    (D) ശ്രീ. കാവാലം നാരായണ പണിക്കർ

28. ജല സഹകരണ വർഷമായി ആചരിക്കുന്നത് :
    (A) 2012
    (B) 2014
    (C) 2013
    (D) 2011

29. ഹോമിയോപ്പതിയുടെ പിതാവ് :
    (A) ഹിപ്പോക്രാറ്റസ്
    (B) ചരകൻ
    (C) സാമുവൽ ഹനിമാൻ
    (D) ലൂയിപാസ്റ്റർ

30. ഒരു സുചാലകമാണ് :
    (A) പേപ്പർ
    (B) റബ്ബർ
    (C) മെർക്കുറി
    (D) എബണൈറ്റ്

31. ഉപ്പിന്റെ രാസനാമം :
    (A) സോഡിയം ക്ലോറൈഡ്
    (B) സോഡിയം കാർബണേറ്റ്
    (C) സോഡിയം ബൈ കാർബണേറ്റ്
    (D) സോഡിയം ഹൈഡ്രോക്സൈഡ്

32. ദ്രവ്യത്തിന്റെ അഞ്ചാമത്തെ അവസ്ഥ :
    (A) പ്ലാസ്മ
    (B) വാതകം
    (C) ദ്രാവകം
    (D) ബോസ്-ഐൻസ്റ്റീൻ കണ്ടൻസേറ്റ്സ്

33. രാജാ വീർബൽ ആരുടെ കൊട്ടാരത്തിലെ അംഗമായിരുന്നു?

(A) ജഹാംഗീർ
(B) അക്ബർ
(C) ഷാജഹാൻ
(D) ഔറംഗസീബ്

34. ലോക ജൈവവൈവിധ്യ ദിനം :

(A) മെയ് 21
(B) മെയ് 28
(C) മെയ് 22
(D) മെയ് 12

35. വൈദ്യുതോർജ്ജത്തെ ശബ്ദോർജ്ജമായി മാറ്റുന്ന ഉപകരണം :

(A) ലൗഡ് സ്പീക്കർ
(B) ആംപ്ലിഫയർ
(C) മൈക്രോഫോൺ
(D) LED

36. പനയുമായി ബന്ധപ്പെട്ട പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കാനുള്ള സർക്കാർ സ്ഥാപനം :

(A) കാപ്പക്സ്
(B) കയർഫെഡ്
(C) സെറിഫെഡ്
(D) കെൽപാം

37. പന്നിപ്പനി പകരുന്നത് :

(A) സമ്പർക്കംമൂലം
(B) വായു
(C) വൈറസ്
(D) ബാക്ടീരിയ

38. ആഗസ്റ്റ് 20 ലോക കൊതുകു ദിനമായി ആചരിക്കുന്നത് :

(A) കൊതുകുകളെ തിരിച്ചറിയാൻ
(B) കൊതുകുകളെ നശിപ്പിക്കാൻ
(C) കൊതുകുകൾ പെരുകുന്നതിന്റെ പ്രത്യാഘാതം മനസ്സിലാക്കാൻ
(D) ഇതൊന്നുമല്ല

39. ദേവ ഭൂമി എന്നറിയപ്പെടുന്ന സംസ്ഥാനം :

(A) ഉത്തരാഖണ്ഡ്
(B) ഝാർഖണ്ഡ്
(C) കാശ്മീർ
(D) കേരളം

40. കീടനാശിനി പാക്കറ്റുകളിൽ അവയുടെ വിഷത്തിന്റെ വീര്യം സൂചിപ്പിക്കുന്ന അടയാളത്തിൽ 'മഞ്ഞ ത്രികോണം' എന്തിനെ സൂചിപ്പിക്കുന്നു?

(A) നേരിയ വിഷാംശം
(B) സാധാരണ വിഷാംശം
(C) കൂടിയ വിഷാംശം
(D) മാരക വിഷാംശം

41. കണ രോഗം ഏതു അവയവത്തെ ബാധിക്കുന്നു?
(A) കണ്ണ് (B) കരൾ
(C) വൃക്ക (D) എല്ല്

42. വിമാനങ്ങളിലും കപ്പലുകളിലും ദിശ നിർണ്ണയിക്കുന്ന ഉപകരണം :
(A) എപ്പിഡയോസ്കോപ്പ് (B) ഗൈറോസ്കോപ്പ്
(C) പെരിസ്കോപ്പ് (D) മൈക്രോസ്കോപ്പ്

43. ഓപ്പറേഷൻ യു ടേൺ ഏതുമായി ബന്ധപ്പെട്ടതാണ്?
(A) ഫുട്ബോൾ (B) കബഡി
(C) ചെസ്സ് (D) ക്രിക്കറ്റ്

44. സംസ്ഥാന ചലച്ചിത്ര അവാർഡു നേടിയ 2012 ലെ മലയാള ചിത്രം :
(A) സെല്ലുലോയ്ഡ് (B) ഉസ്താദ് ഹോട്ടൽ
(C) തനിച്ചല്ല ഞാൻ (D) ഇന്ത്യൻ റുപ്പി

45. ഇന്ത്യയിലെ അവസാനത്തെ വൈസ്രോയി :
(A) കാനിംഗ് പ്രഭു (B) ലോഡ് മൗണ്ട്ബാറ്റൻ പ്രഭു
(C) ഡൽഹൗസി പ്രഭു (D) റിപ്പൺ പ്രഭു

46. ഇന്ത്യയുടെ ചീഫ് ഇലക്ഷൻ കമ്മീഷണർ :
(A) ശ്രീ. എസ്.വൈ. കുറേഷ്യ (B) ശ്രീ. ഹരിശങ്കർ ബ്രഹ്മ
(C) ശ്രീ വി. സുന്ദരം സമ്പത്ത് (D) ശ്രീ. മുഹമ്മദ് സെയ്ദി എസ്.എൻ.

47. പിസി കൾച്ചർ (Pisci culture) ഏതു പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(A) മത്സ്യ കൃഷി (B) പട്ടുനൂൽപ്പുഴു വളർത്തൽ
(C) തേനീച്ച വളർത്തൽ (D) ചെടികളുടെ പരിപാലനം

48. രാസവളത്തിൽ കാണാത്ത ഘടകം :
(A) നൈട്രജൻ (B) പൊട്ടാസ്യം
(C) ഫോസ്ഫറസ് (D) ക്ലോറിൻ

49. ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യന് എന്നു പറഞ്ഞതാര്?
(A) ചട്ടമ്പി സ്വാമി (B) അയ്യങ്കാളി
(C) ശ്രീനാരായണഗുരു (D) സഹോദരൻ അയ്യപ്പൻ

50. സംഗ്രാമ ധീരൻ എന്നറിയപ്പെടുന്ന വേണാട് രാജാവ് :
(A) കുലശേഖരവർമ്മൻ (B) രാമരാജശേഖരവർമ്മൻ
(C) രവിവർമ്മ കുലശേഖരൻ (D) ശങ്കരനാരായണൻ

www.pscnet.in fb.com/pscnet.in

51. ചൈനീസ് സഞ്ചാരിയായ ഫാഹിയാൻ ആരുടെ കാലത്താണ് ഇന്ത്യ സന്ദർശിച്ചത്?
(A) ചന്ദ്രഗുപ്ത II
(B) സമുദ്രഗുപ്തൻ
(C) കുമാരഗുപ്തൻ
(D) ചന്ദ്രഗുപ്ത I

52. മനുഷ്യൻ ആദ്യമായി കണ്ടുപിടിച്ച ലോഹം :
(A) ഇരുമ്പ്
(B) ചെമ്പ്
(C) അലുമിനിയം
(D) വെങ്കലം

53. പെട്രോളിയം കാണപ്പെടുന്നത് :
(A) കായാന്തരിക ശില
(B) അവസാദ ശില
(C) ആഗ്നേയ ശില
(D) കടലിന്റെ അടിത്തട്ടിൽ

54. ഇലക്ട്രിക് ബൾബിൽ നിറച്ചിരിക്കുന്ന വാതകം :
(A) ഓക്സിജൻ
(B) ആർഗോൺ
(C) നൈട്രജൻ
(D) കാർബൺ ഡൈ ഓക്സൈഡ്

55. ചൈനീസ് പൊട്ടാറ്റോ എന്നറിയപ്പെടുന്ന കാർഷിക വിള ഏത്?
(A) കൂർക്ക
(B) ബീറ്റ്റൂട്ട്
(C) ഉരുളക്കിഴങ്ങ്
(D) കാച്ചിൽ

56. രാസവസ്തുക്കളുടെ രാജാവ് :
(A) ലാക്റ്റിക് ആസിഡ്
(B) അസറ്റിക് ആസിഡ്
(C) ടാർടാറിക് ആസിഡ്
(D) സൾഫ്യൂരിക് ആസിഡ്

57. $m^5 \times m^4 =$
(A) $m^1$
(B) $m^{20}$
(C) $m^{-1}$
(D) $m^9$

58. താഴെ കൊടുത്തിരിക്കുന്ന സീരിയൽസ് പൂരിപ്പിക്കുക :
48, 24, 12, 6, ———
(A) 7
(B) 8
(C) 3
(D) 4

59. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഈ മുദ്രാവാക്യം ഏതു വിപ്ലവവുമായി ബന്ധപ്പെട്ടതാണ്?
(A) റഷ്യൻ വിപ്ലവം
(B) ഫ്രഞ്ചു വിപ്ലവം
(C) വ്യവസായ വിപ്ലവം
(D) ചൈനീസ് വിപ്ലവം

60. തിരുവിതാംകൂറിൽ അടിമക്കച്ചവടം നിർത്തലാക്കിയത് :
(A) റാണി ഗൗരി ലക്ഷ്മീഭായി
(B) ചിത്തിരതിരുനാൾ ബാലരാമവർമ്മ
(C) മാർത്താണ്ഡവർമ്മ
(D) ധർമ്മരാജ



www.pscnet.in fb.com/pscnet.in

61. അന്നജത്തെ നീലനിറമാക്കാൻ കഴിവുള്ള ഒരു രാസപദാർത്ഥമാണ് :
(A) നൈട്രജൻ
(B) ഓക്സിജൻ
(C) അയഡിൻ
(D) കാർബൺ

62. ശരീര വളർച്ചയ്ക്ക് ഏറ്റവും ആവശ്യമുള്ള ഒരു പോഷകമാണ് :
(A) കൊഴുപ്പ്
(B) മാംസ്യം
(C) വിറ്റാമിൻ
(D) ധാതുലവണങ്ങൾ

63. ആഹാരസാധനങ്ങളിൽ സാക്കറിൻ ചേർക്കുന്നത് :
(A) മധുരം വർദ്ധിപ്പിക്കാൻ
(B) രുചി കൂട്ടാൻ
(C) കേട് വരാതിരിക്കാൻ
(D) നിറം നൽകാൻ

64. ഭക്ഷണം തയ്യാറാക്കാൻ അനുയോജ്യമായ പാത്രം :
(A) അലുമിനിയം
(B) പ്ലാസ്റ്റിക്
(C) ഗ്ലാസ്സ്
(D) വെള്ളി

65. വൈദ്യുത ചാലകങ്ങൾക്ക് അനുയോജ്യമായ പദാർത്ഥമാണ് :
(A) ചെമ്പ്
(B) മരം
(C) പ്ലാസ്റ്റിക്
(D) ഉരുക്ക്

66. താഴെ കൊടുത്ത ഏത് വിഭാഗത്തിലാണ് 'സൂര്യൻ' ഉൾപ്പെടുന്നത്?
(A) നെബുല
(B) ഗ്രഹങ്ങൾ
(C) നക്ഷത്രം
(D) ഗാലക്സി

67. വെള്ളത്തിൽ ഉൾപ്പെടുന്ന ഒരു വാതകമാണ് :
(A) നൈട്രജൻ
(B) ഹൈഡ്രജൻ
(C) ഹീലിയം
(D) ക്ലോറിൻ

68. വേരു വഴി പ്രജനനം നടത്തുന്ന ഒരു സസ്യമാണ് :
(A) നിശാഗന്ധി
(B) താമര
(C) ശീമപ്ലാവ്
(D) ചെമ്പരത്തി

69. 1000 gm സ്വർണ്ണത്തിൽ ശുദ്ധസ്വർണ്ണം ———————— gm ഉണ്ടായിരിക്കും.
(A) 916 gm
(B) 922 gm
(C) 926 gm
(D) 816 gm

70. വെളുത്ത സ്വർണ്ണം എന്ന പേരിൽ അറിയപ്പെടുന്ന ലോഹം :
(A) വെള്ളി
(B) പ്ലാറ്റിനം
(C) വനേഡിയം
(D) ടൈറ്റാനിയം



www.pscnet.in fb.com/pscnet.in

71. ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നത് :
(A) ഒക്ടോബർ 2
(B) ജൂലായ് 11
(C) മാർച്ച് 22
(D) ജൂൺ 5

72. സസ്യങ്ങൾക്ക് പച്ചനിറം നൽകുന്ന വർണ്ണകമാണ് :
(A) കരോട്ടിൻ
(B) ഹീമോഗ്ലോബിൻ
(C) ഹരിതകം
(D) വർണ്ണകം

73. ഇന്ത്യയുടെ ദേശീയപക്ഷിയാണ് :
(A) വേഴാമ്പൽ
(B) മയിൽ
(C) അരയന്നം
(D) പരുന്ത്

74. മൺസൂൺ എന്ന വാക്ക് ഏത് ഭാഷയിൽ നിന്ന് എടുത്തതാണ്?
(A) അറബി
(B) ലാറ്റിൻ
(C) ഇംഗ്ലീഷ്
(D) സംസ്കൃതം

75. ഊഷ്മാവ് അളക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണ് :
(A) ബാരോമീറ്റർ
(B) ലാക്ടോമീറ്റർ
(C) തെർമോമീറ്റർ
(D) മാനോമീറ്റർ

76. ബാക്ടീരിയ ഉണ്ടാക്കുന്ന ഒരു രോഗമാണ് :
(A) ക്ഷയം
(B) മലമ്പനി
(C) എയ്ഡ്സ്
(D) ചിക്കൻപോക്സ്

77. അന്തരീക്ഷവായുവിൽ ഏറ്റവും കൂടുതലുള്ള വാതകമാണ് :
(A) ഓക്സിജൻ
(B) കാർബൺ ഡൈ ഓക്സൈഡ്
(C) ഹൈഡ്രജൻ
(D) നൈട്രജൻ

78. ഹരിതകമില്ലാത്ത ഒരു സസ്യവർഗ്ഗമാണ് :
(A) പന്നൽ
(B) കൂൺ
(C) ക്രോട്ടൻ
(D) ചീര

79. ചെറുനാരങ്ങയിൽ അടങ്ങിയ അമ്ലമാണ് :
(A) ലാക്ടിക് അമ്ലം
(B) ടാർടാറിക് അമ്ലം
(C) സിട്രിക് അമ്ലം
(D) ഫോമിക് അമ്ലം

80. സസ്യങ്ങൾ ആഹാരനിർമ്മാണത്തിന് ഉപയോഗിക്കുന്ന വാതകമാണ് :
(A) കാർബൺ ഡൈ ഓക്സൈഡ്
(B) ഓക്സിജൻ
(C) ഹൈഡ്രജൻ
(D) ഓസോൺ



www.pscnet.in fb.com/pscnet.in

81. –8 നെ –1 ഹരിച്ചാൽ എത്ര കിട്ടും?

(A) –8 (B) 1
(C) –1 (D) 8

82. ഒരു ക്ലാസ്സിലെ 60 കുട്ടികളിൽ $\frac{2}{5}$ ഭാഗം കുട്ടികൾ കണക്ക് ഇഷ്ടപ്പെടുന്നു എങ്കിൽ അവരുടെ എണ്ണമെത്ര?

(A) 12 (B) 24
(C) 60 (D) 30

83. $x - 7 = 1$ ആയാൽ $x$ന്റെ വിലയെത്ര?

(A) 1 (B) 6
(C) 8 (D) 7

84. രാജുവിന്റെ അച്ഛന് 58 വയസ്സുണ്ട്. ഇത് രാജുവിന്റെ വയസ്സിന്റെ 5 മടങ്ങിനോട് 3 കൂട്ടിയതാണ് എങ്കിൽ രാജുവിന്റെ വയസ്സെത്ര?

(A) 11 (B) 13
(C) 12 (D) 15

85. 70° കോണിന്റെ അനുപൂരകകോണിന്റെ അളവെത്ര?

(A) 70° (B) 100°
(C) 110° (D) 20°

86. ഒരു കുട്ടയിൽ മാങ്ങയും നെല്ലിക്കയും ഓറഞ്ചും ഉണ്ട്. ഇതിൽ 40% മാങ്ങയും 25% ഓറഞ്ചും ആണ്. എത്ര ശതമാനം നെല്ലിക്ക ഉണ്ടായിരിക്കും?

(A) 40% (B) 35%
(C) 30% (D) 25%

87. ഒരു വശം 8 cm, അതിലേയ്ക്കുള്ള ലംബം 12 cm ആയ ത്രികോണത്തിന്റെ പരപ്പളവെത്ര?

(A) 48 cm² (B) 96 cm²
(C) 192 cm² (D) 20 cm²



www.pscnet.in fb.com/pscnet.in

88. മേഘ 45,000 രൂപയ്ക്ക് ഒരു ലാപ്ടോപ്പ് വാങ്ങി 25% ലാഭത്തിന് വിറ്റു. എത്ര രൂപയ്ക്കാണ് വിറ്റത്?

(A) 45,250 (B) 56,250

(C) 11,250 (D) 50,000

89. $\frac{9}{2}\times\frac{-3}{8}\times\frac{2}{9}\times\frac{-8}{3}$ എത്ര?

(A) –1 (B) 3

(C) 1 (D) –8

90. സമീപവശങ്ങൾ 9 cm, 5 cm ആയ ഒരു സാമാന്തരികത്തിന്റെ ചുറ്റളവെത്ര?

(A) 14 (B) 28

(C) 23 (D) 19

91. 1 ഹെക്ടർ എത്ര ചതുരശ്രമീറ്റർ?

(A) 1000 (B) 10000

(C) 100000 (D) 100

92. $a=2$, $b=-2$ ആയാൽ $a^2+b^2$ ന്റെ വിലയെത്ര?

(A) 4 (B) 0

(C) 8 (D) –8

93. വൃത്താകൃതിയിലുള്ള ഒരു ഷീറ്റിന്റെ ചുറ്റളവ് 308 cm ആയാൽ അതിന്റെ ആരം എത്ര?

(A) 7 (B) 49

(C) $\frac{49}{2}$ (D) 1

94. $(7^2\times7^4)\div7^2$ എത്ര?

(A) $7^4$ (B) $7^2$

(C) $7^3$ (D) $7^6$



www.pscnet.in fb.com/pscnet.in

95. 69 നെ റോമൻ അക്കത്തിൽ എഴുതുക :

(A) LIX
(B) LXIX
(C) LXXI
(D) XIXL

96. 20, 25, 30 എന്നീ സംഖ്യകളുടെ ല.സാ.ഗു. എത്ര?

(A) 5
(B) 60
(C) 150
(D) 300

97. ഷീജയ്ക്ക് $3\frac{1}{2}$ പെൻസിലുകൾ ഉണ്ട്. റോജയ്ക്ക് $\frac{10}{4}$ പെൻസിലുകൾ ഉണ്ട്. ആർക്കാണ് കൂടുതൽ പെൻസിലുകൾ ഉള്ളത്?

(A) ഷീജയ്ക്ക്
(B) റോജയ്ക്ക്
(C) രണ്ടുപേർക്കും തുല്യം
(D) ആർക്കും ഇല്ല

98. ഒരു സമചതുരസ്തംഭത്തിന് എത്ര വക്കുകളുണ്ട്?

(A) 8
(B) 12
(C) 4
(D) വക്കുകളില്ല

99. –100 നേക്കാൾ ചെറിയ സംഖ്യ ഏത്?

(A) –10
(B) 0
(C) –200
(D) 100

100. സോമൻ 20 km 50 m യാത്ര ചെയ്യുന്നു. ഇതിൽ 10 km 200 m ബസ്സിലും ബാക്കി ഓട്ടോറിക്ഷയിലും ആണ്. എത്ര ദൂരം ഓട്ടോറിക്ഷയിൽ യാത്ര ചെയ്യുന്നു?

(A) 8 km 950 m
(B) 9 km 850 m
(C) 10 km 850 m
(D) 30 km 250 m